

ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# വലുപ്പത്തിന്റെ കാര്യത്തിൽ മത്സരിക്കുന്നത് ആശുപത്രികൾക്ക് ഗുണകരമോ?

**വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലുകൾ എന്തൊക്കെ ശ്രദ്ധിക്കണം**

കുറഞ്ഞ സമയത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ കാര്യമായി വർധിപ്പിക്കുക എന്ന അബദ്ധം മിക്ക ചാരിറ്റബ്ൾ ട്രസ്റ്റ് ആശുപത്രികൾക്കും തോന്നുന്നത് എന്തുകൊണ്ടാണെന്ന് ഞാൻ മുൻ ലേഖനങ്ങളിൽ വിവരിച്ചിരുന്നു. ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലുകൾ ഇത്തരത്തിലുള്ള തെറ്റുകൾ വരുത്തുന്നതിന് നിരവധി കാരണങ്ങളുണ്ട്. അവയിൽ ചിലത് ഇവയാണ്;

- ഹോസ്പിറ്റൽ നിറഞ്ഞിരിക്കുകയാണെന്നും പരിശോധനാ മുറികൾ, ഓപ്പറേഷൻ തിയറ്ററുകൾ, ഐ.പി(ഇൻപേഷ്യന്റ്) കിടക്കകൾ തുടങ്ങിയവയുടെ അഭാവം മൂലം നിരവധി രോഗികളെ തിരിച്ചയക്കേണ്ടി വരുന്നു എന്നുള്ള വിശ്വാസം.
- പുതിയതും നിലവിലുള്ളതുമായ മറ്റു ആശുപത്രികളുമായി വലുപ്പത്തിന്റെ കാര്യത്തിൽ മത്സരിക്കേണ്ടതിന്റെ ആവശ്യകത.
- നിർമാണ ചെലവ് കുറയ്ക്കാൻ ശ്രമിക്കേണ്ടതിന്റെ ആവശ്യകത.
- പുതിയ കെട്ടിടത്തിൽ മാത്രമേ നല്ല അന്തരീക്ഷം നൽകാനാവൂ എന്ന വിശ്വാസം.
- നിലവിലുള്ള ചെറിയ പല ബ്ലോക്കുകളേക്കാൾ പുതിയ ഒറ്റ ബ്ലോക്ക് കെട്ടിടം ഉണ്ടെങ്കിൽ ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുമെന്ന വിശ്വാസം.

## സ്വയം താരതമ്യം ചെയ്യുന്നു

പുതിയതോ നിലവിലുള്ളതോ ആയ മറ്റു ഹോസ്പിറ്റലുകളുമായി വലുപ്പത്തിന്റെ കാര്യത്തിൽ മത്സരിക്കേണ്ടതുണ്ടെന്ന രണ്ടാമത്തെ കാരണം നമുക്ക് പരിശോധിക്കാം.

മറ്റു പുതിയ ഹോസ്പിറ്റലുകളുമായി സ്വയം താരതമ്യം ചെയ്യുന്നു എന്നതാണ് ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലുകൾ സാധാരണയായി വരുത്തുന്ന അബദ്ധങ്ങളിലൊന്ന്.




ഉദാഹരണമായി 600 കിടക്കകളുള്ള ഒരു ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലിനെ എടുക്കാം. ആ പ്രദേശത്തെ ഏറ്റവും വലുതും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതുമായ ഒരു ഹോസ്പിറ്റലാണ് ഇതെന്ന് കരുതുക.

ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലുമായി നേരിട്ട് മത്സരിക്കാൻ 700 കിടക്കകളുള്ള പുതിയ ഹോസ്പിറ്റൽ തുറക്കുന്നതായുള്ള പ്രഖ്യാപനം വന്നുവെന്ന് സങ്കൽപ്പിക്കുക.

ഈ മത്സരത്തിന്റെ ഭാഗമായി തങ്ങളുടെ ഒന്നാം സ്ഥാനം നിലനിർത്തേണ്ടതുണ്ടെന്ന് ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റൽ മാനേജ്മെന്റ് കരുതുന്നു. അതുകൊണ്ടു തന്നെ കിടക്കകളുടെ എണ്ണം 900 ആയി ഉയർത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നു.

ഈ വിപുലീകരണ പദ്ധതിക്ക് നിരവധി പ്രശ്നങ്ങളുണ്ട്. പുതുതായി തുടങ്ങുന്ന 700 കിടക്കകളുള്ള ഹോസ്പിറ്റൽ രണ്ടു ഘട്ടങ്ങളായി ആയിരിക്കും പൂർത്തിയാകുക. ആദ്യഘട്ടത്തിൽ 350 കിടക്കകൾ, രണ്ടാം ഘട്ടത്തിൽ 350 കിടക്കകൾ എന്ന രീതിയിൽ ഒരുക്കും.

അതുകൊണ്ടുതന്നെ രണ്ടാം ഘട്ടം പൂർത്തിയാകുമ്പോൾ മാത്രമാണ് പുതിയ ഹോസ്പിറ്റൽ ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലിനേക്കാൾ വലുതാകുക. അതിനാൽ സമീപഭാവിയിൽ ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റൽ തന്നെയാകും ഒന്നാം സ്ഥാനത്ത്.

## ടേം ലോൺ എടുക്കേണ്ടി വരുന്നു

രണ്ടാമത്തെ പ്രശ്നം, വിപുലീകരണ പ്രവർത്തനങ്ങൾക്കായി ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലിന് വലിയ തുക ടേം ലോൺ എടുക്കേണ്ടി വരുന്നു എന്നതാണ്. ഇതിനായി ഓരോ മാസവും വലിയ തുക ഇഎംഐ (Equated Monthly Instalment) ആയി അടക്കേണ്ടി വരും. ഹോസ്പിറ്റലിന്റെ ക്യാഷ് ഫ്ളോയിൽ വലിയ കുറവ് വരുത്താൻ അത് ഇടയാക്കും.

മൂന്നാമത്തെ പ്രശ്നം, നിലവിലുള്ള ആവശ്യമനുസരിച്ച് ഹോസ്പിറ്റലിൽ 650-700 കിടക്കകൾ മതിയാകും. കിടക്കകളുടെ എണ്ണം 900മായി വർധിപ്പിക്കുന്നത് ഹോസ്പിറ്റലിന്റെ വാർഷിക ശേഷി വിനിയോഗം കുറയാൻ ഇടയാക്കും. അതനുസരിച്ച് ലാഭം കുറയുകയും ഹോസ്പിറ്റൽ നഷ്ടത്തിലാകാൻ കാരണമാകുകയും ചെയ്യും. അതോടെ നിരക്ക് വർധിപ്പിക്കാൻ ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റൽ നിർബന്ധിതരാകും.

ഇതിന്റെ ഭാഗമായി രോഗികൾ വരുന്നത് കുറയുകയും ഹോസ്പിറ്റൽ കൂടുതൽ നഷ്ടത്തിലാകുകയും ചെയ്യും. ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലുകൾ തെറ്റായ തീരുമാനങ്ങൾ എടുക്കാൻ ഇടയാക്കുന്ന മറ്റു കാരണങ്ങളെ കുറിച്ച് തുടർ ലക്കങ്ങളിൽ വിശദീകരിക്കാം. ■

